# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3521

15/07/2015-ൽ മറുപടിക്ക്

## മരുന്നുകളുടെ ഗുണനിലവാരം

ചോദ്യം

മറുപടി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | എ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയും അടുത്ത കാലത്തായി എറണാകുളത്ത് പ്രവർത്തനമാരംഭിച്ച റീജീണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയുമാണ് മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി വകുപ്പിന് കീഴിലുള്ളത്. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിലും മരുന്ന് പ രിശോധനാലാബോറട്ടറികൾ സ്ഥാപിക്കുന്നതിനായി പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) ഗുണനിലവാരമില്ലാത്ത ഇൻസുലിൻ, പ്രതിരോധ കുത്തിവെയ്പ്പ് മരുന്നുകൾ എന്നിവ സംസ്ഥാനത്ത് വ്യാപകമായ തോതിൽ വിപണനം നടത്തുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഇത്തരം മരുന്നുകളുടെ വിപണനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ അനലിറ്റിക്കൽ റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ അത് അതാത് ഇൻസ്പെക്ടർമാർക്ക് അയച്ചുകൊടുക്കുകയും മറ്റ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ അധികാരികളെ അറിയിക്കുകയും ചെയ്യുന്നു. സാമ്പിൾ എടുത്ത ഉദ്യോഗസ്ഥൻ റിപ്പോർട്ട് കിട്ടിയ ഉടൻ തന്നെ |

സാമ്പിൾ എടുത്ത സ്ഥലത്തെ മരുന്നുകളുടെ വിൽപ്പന നിർത്തിവെയ്ക്കുകയും ആയത് എവിടെ നിന്നെല്ലാം വാങ്ങി എന്നതിനെ കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഈ മരുന്ന് ജനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിലേയ്ക്കായുള്ള തുടർനടപടികൾ ആരംഭിക്കുന്നു. കൂടാതെ Sampling Procedure -ൽ ഉദ്യോഗസ്ഥൻ ടെസ്റ്റിംഗിന് അയക്കുന്ന സാമ്പിൾ കൂടാതെ ആയതിന്റെ ഒരു ഭാഗം , പ്രസ്തുത മരുന്നിന്റെ പരിശോധനാ ഫലം പുറത്തു വരുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാനായി സൂക്ഷിക്കാറുണ്ട്. ടി പോർഷൻ മരുന്നും ടെസ്റ്റ് റിപ്പോർട്ടും മരുന്നിന്റെ നിർമ്മാതാവിന് ലഭിക്കത്തക്ക രീതിയിൽ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ നിയമങ്ങൾക്ക് അനുസൃതമായി സ്റ്റാറ്റ്യൂട്ടറി ഫോർമാലിറ്റീസ് പൂർത്തിയാക്കുന്നു. തുടർന്ന് പ്രസ്തുത മരുന്നു കമ്പനിയിൽ ലഭിക്കുന്ന മറുപടി അപഗ്രഥിച്ച് നിർമ്മാതാവിനെതിരെ വകുപ്പ് തലവൻ പ്രോസിക്യൂഷൻ അടക്കമുള്ള വകുപ്പുതല നടപടികൾ എടുക്കുന്നു. ഇപ്പോൾ ടെസ്റ്റ് റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ ടി മരുന്നിന്റെ വിശദാംശങ്ങൾ എസ്.എം.എസ് വഴി വ്യാപാരികൾ, വിതരണക്കാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, നേഴ്സുമാർ എന്നിവർക്കും, ആശുപത്രികൾ, മറ്റു സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ എന്നിവർക്കും ലഭ്യമാക്കുന്നുണ്ട്.

| | |
|---|---|
| ഡി) ഇത്തരം മരുന്നുകൾ വിപണനം ചെയ്യുന്ന കമ്പനികളുടെയും സ്ഥാപനങ്ങളുടെയും പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | ഡി) ഗുണ നിലവാരം ഇല്ലാത്ത മരുന്നുകൾ നിർമ്മിക്കുന്ന കമ്പനികാർക്കും വിതരണ ക്കാർക്കുമെതിരെ നിയമ/വകുപ്പുതല നടപടികൾ സ്വീകരിക്കാറുണ്ട്. |

Ammay

സെക്ഷൻ ഓഫീസർ